**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**

**ചോദ്യം നമ്പർ : 199** **14.06.2019 -ൽ മറുപടിയ്ക്ക്**

**മലബാർ റിവർ ക്രൂയിസ് പദ്ധതി**

**ചോദ്യം** **മറുപടി**

ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.വി.ആർ. സുനിൽ കുമാർ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉത്തര മലബാറിലെ ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തുന്നതിന് സർക്കാർ നടപ്പാക്കിയതും പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | (എ) | കണ്ണൂർ ജില്ലയിൽ ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തുന്നതിനായി തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽപ്പെടുത്തി 4 പദ്ധതികൾക്കും, മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി 14 പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി 'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ ഭരണാനുമതി നൽകിയ 8037.38 ലക്ഷം രൂപയുടെ പ്രവൃത്തികൾ ജില്ലയിൽ നടപ്പിലാക്കി വരുന്നു.<br>ഉത്തര മലബാറിലെ ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തുന്നതിന് ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബി.ആർ.ഡി.സി.) നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'സ്മൈൽ' (SMILE: Small & Medium Industries Leveraging Experiential Tourism).<br>കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ധർമ്മടം കടൽ തീരങ്ങളുടെ സമഗ്ര വികസന പദ്ധതിയാണ് സർക്കാർ 2019-20 ൽ വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നത്. വളരെയേറെ ചരിത്രപ്രാധാന്യമുള്ള കണ്ണൂർ ജില്ലയിലാണ് ഏഷ്യയിലെ ഏറ്റവും നീളം കൂടിയ ഡ്രൈവ് ഇൻ ബീച്ച് ഉള്ളത്. ഇതോടൊപ്പം ധർമ്മടം തുരുത്തിൽ പരിസ്ഥിതി സൗഹൃദമായ ടൂറിസം വികസനവും ഉദ്ദേശിക്കുന്നു. ധർമ്മടം മുഴപ്പിലങ്ങാട് കടൽ തീര പ്രദേശം" ഒരു അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കുവാനുള്ള സമഗ്ര ടൂറിസം പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത് . |

| | | | |
|---|---|---|---|
| | | | |
| ബി) | മലബാർ റിവർ ക്രൂയിസ് പദ്ധതി സംബന്ധിച്ച വിശദവിവരങ്ങളും പദ്ധതിയുടെ പുരോഗതിയും വ്യക്തമാക്കുമോ; | ബി) | മലനാട് - നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകിയ 14 പദ്ധതികളുടെ നിർമ്മാണ പ്രവർത്തികൾക്കായി ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തി പുരോഗതി വിവരങ്ങൾ താഴെ പറയുന്നു.<br>1. പഴയങ്ങാടി ബോട്ട് ടെർമിനൽ- പ്രവൃത്തി പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ് (92%)<br>2. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ - പൈലിംഗ് പൂർത്തീകരിച്ചു. പ്ലാറ്റ്ഫോം കോൺക്രീറ്റ് പുരോഗമിക്കുന്നു. (70%)<br>3. ധർമ്മടം ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവർത്തി പുരോഗമിക്കുന്നു.<br>4. പെരിങ്ങത്തൂർ ബോട്ട് ജെട്ടി - പ്രവർത്തി ആരംഭിച്ചു.<br>5. ചേരിക്കൽ ബോട്ട് ടെർമിനൽ - ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.<br>6. ചാന്നാട് ബോട്ട് ജെട്ടി (മമ്പറം) - സാങ്കേതികാനുമതി ലഭിച്ചു.<br>7. മോന്താൽ ബോട്ട് ജെട്ടി - പ്രവർത്തി ആരംഭിച്ചു.<br>8. പുന്നക്കടവ് ബോട്ട് ജെട്ടി - പൈലിംഗ് പ്രവർത്തി പുരോഗമിച്ചുവരുന്നു.<br>9. കക്കടവ് ബോട്ട് ജെട്ടികം വാക്ക് വേ - പൈലിംഗ് പ്രവർത്തി പുരോഗമിച്ചുവരുന്നു.<br>10. ന്യൂ മാഹി ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവർത്തി പുരോഗമിച്ചുവരുന്നു.<br>11. പാത്തിക്കൽ ബോട്ട് ജെട്ടി - ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.<br>12. പാറപ്രം ബോട്ട് ടെർമിനൽ - പ്രവർത്തി ആരംഭിച്ചു.<br>13. കരിയാട് ബോട്ട് ടെർമിനൽ - ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.<br>14. മുക്കുവച്ചേരി ബോട്ട് ടെർമിനൽ - ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി 'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി കല്യാശ്ശേരി, തളിപ്പറമ്പ്, അഴീക്കോട് എന്നീ നിയോജകമണ്ഡലങ്ങളിൽ ഭരണാനുമതി നൽകിയ വിവിധ പദ്ധതികൾക്ക് ആവശ്യമായ സ്ഥല ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നിയന്ത്രിതാനുമതി ടൂറിസം വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്നതിനും, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം റീലിങ്കിഷ്മെന്റ് ചെയ്യുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>ബോട്ട് ടെർമിനൽ/ജെട്ടികൾ എന്നിവയുടെ നിർമ്മാണ പ്രവർത്തികൾക്കായി ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് പ്രസ്തുത പ്രവർത്തികൾക്കുള്ള സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>മറ്റു അനുബന്ധ നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| സി) | ഉത്തര മലബാറിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് സൈക്കിൾ എന്ന പേരിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നതെന്നും പദ്ധതി സംബന്ധിച്ച വിശദാംശങ്ങളും അറിയിക്കുമോ? | ഡി | ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബി.ആർ.ഡി.സി.) ആണ് പദ്ധതി നടപ്പാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ചെറുകിട-ഇടത്തരം ടൂറിസം സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'സ്മൈൽ' അഥവാ 'സ്മാൾ ആന്റ് മീഡിയം ഇൻഡസ്ട്രീസ് ലെവറേജിംഗ് എക്സ്പീരിയൻഷ്യൽ ടൂറിസം' പദ്ധതി നടപ്പിലാക്കി വരുന്നത്. ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബി.ആർ.ഡി.സി.), ആണ് പദ്ധതി നടപ്പിലാക്കുന്നത്. ആഡംബര താമസസൗകര്യങ്ങൾ ഒരുക്കുക എന്നതിനേക്കാൾ അതത് പ്രദേശങ്ങളിലെ സംസ്കാരം, ജീവിത രീതികൾ, രുചിഭേദങ്ങൾ, കലകൾ, ഐതിഹ്യങ്ങൾ മുതലായവയ്ക്ക് പ്രാധാന്യം നൽകി ടൂറിസ്റ്റുകളെ ആകർഷിക്കുന്ന അനുഭവവേദ്യ ടൂറിസം (Experiential Tourism) ത്തിന് ഊന്നൽ നൽകിയാണ് 'സ്മൈൽ' പദ്ധതി നടപ്പിലാക്കുന്നത്. വിദേശ ടൂറിസ്റ്റുകളെയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

പാരിസ്ഥിതിക പ്രശ്നങ്ങളും സാംസ്കാരിക മൂല്യ ശോഷണവും ഒഴിവാക്കിയുള്ള ടൂറിസം വികസനം വിഭാവനം ചെയ്യുന്ന പദ്ധതിയാണ് 'സ്മൈൽ'. ഇതുവഴി കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിലൂടെ സമൂഹത്തിലെ വിവിധ തലങ്ങളിലുള്ള ജനങ്ങളുടെ സാമ്പത്തിക അഭിവൃദ്ധിയും ഉയർന്ന തോതിലുള്ള തൊഴിലവസര സൃഷ്ടിയുമാണ്. 'സ്മൈൽ' പദ്ധതി ലക്ഷ്യമിടുന്നത്.

ഉത്തര മലബാറിൽ ബഡ്ജറ്റ് റിസോർട്ടുകൾ, ഹോംസ്റ്റേകൾ, സർവീസ്ഡ് വില്ലാ, ഫാം ടൂറിസം, ആയുർവ്വേദ കേന്ദ്രങ്ങൾ, ഹൗസ്ബോട്ടുകൾ, കരകൗശല സ്മരണികകൾ (സുവനീർ വ്യവസായം) എന്നിവയ്ക്ക് പുറമെ കഥകളി, കളരി, തെയ്യം, യോഗ, ശാസ്ത്രീയ നൃത്തം മുതലായവ അടിസ്ഥാനമാക്കി ചെറുകിട-ഇടത്തരം ടൂറിസം സംരംഭങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് വേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സംരംഭം തുടങ്ങാൻ മുന്നോട്ട് വരുന്നവർക്ക് പദ്ധതി രൂപ കൽപ്പന തൊട്ട് വിപണനം വരെയുള്ള വിവിധ ഘട്ടങ്ങളിൽ പരിശീലനവും തുടർസേവനങ്ങളും ബി.ആർ.ഡി.സി നൽകുന്നുണ്ട്

പുതുതായി ടൂറിസം സംരംഭം തുടങ്ങുന്നവർ, നിലവിലുള്ള സ്ഥാപനം ടൂറിസം സംരംഭമായി മാറ്റുവാൻ ആഗ്രഹിക്കുന്നവർ, നിലവിലുള്ളതും എന്നാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ ടൂറിസം സംരംഭങ്ങൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലുള്ളവർക്കാണ് സ്മൈൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാനുള്ള അവസരം ലഭിക്കുന്നത്. രജിസ്റ്റർ ചെയ്യുന്ന സംരംഭകരെ പ്രാഥമിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഓറിയന്റേഷൻ ശിൽപശാലയിൽ പങ്കെടുപ്പിക്കുകയോ, നേരിട്ട് കൺസൾട്ടൻസി സേവനം ലഭ്യമാക്കുകയോ ചെയ്യുന്നു. പ്രാഥമിക ശിൽപശാലയിൽ പങ്കെടുക്കുന്നവരിൽ നിന്നും സംരംഭം തുടങ്ങാനുള്ള പ്രക്രിയയിൽ പുരോഗതി കൈവരിക്കുകയും സന്നദ്ധത അറിയിക്കുകയും ചെയ്യുന്നവർക്ക് തുടർഘട്ടങ്ങളിലുള്ള ശിൽപശാലകളിൽ പങ്കെടുക്കാനും വിപണന സഹായക സേവനങ്ങൾ ലഭ്യമാക്കാനും അവസരം നൽകുന്നു. വിപണനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള സംരംഭകത്വ വികസന പ്രക്രിയയാണ് രൂപകല്പന ചെയ്തിട്ടുള്ളത്.

സംരംഭകർക്ക് സബ്സിഡിയോ മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളോ 'സ്മൈൽ' പദ്ധതി പ്രകാരം വാഗ്ദാനം ചെയ്യുന്നില്ല.

ഉത്തര മലബാറിൽ 93 സംരംഭകർ നടത്തുന്ന 50 'സ്മൈൽ' സംരംഭങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട് ഇതുവഴി പ്രതിദിനം 400 ടൂറിസ്റ്റുകൾക്ക് താമസിക്കാനുള്ള ഇടത്തരം ബഡ്ജറ്റ് റൂമുകൾ ഉത്തര മലബാർ ടൂറിസം മേഖലയിൽ ലഭ്യമാക്കിയിട്ടുണ്ട് ഇനിയും സംരംഭകർ ഈ പദ്ധതിയിൽ ഭാഗഭാക്കാവാൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്

അനുബന്ധമായി ബി.ആർ.ഡി.സി. നടപ്പിലാക്കിയിട്ടുള്ള പദ്ധതികളാണ് സ്മൈൽ വി.ടി.ജി (വെർച്ച്വൽ ടൂർ ഗൈഡ്), • സ്മൈൽ അമ്പാസിഡേഴ്സ് ടൂർ. ഉത്തര മലബാറിലെ പ്രത്യേകതകളെക്കുറിച്ചുള്ള വീഡിയോ ബ്രോഷറുകൾ എന്നിവ.

[signature]

സെക്ഷൻ ഓഫീസർ